റോഡ് ഗതാഗത മേഖലയിൽ നയരൂപീകരണം

100 [1222] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ഗതാഗത മേഖലയിലെ ആസൂത്രണം, പദ്ധതി നടപ്പിലാക്കൽ, പരിപാലനം എന്നിവ ലക്ഷ്യമാക്കി റോഡ് നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ബി.ഒ.ടി. പദ്ധതികളിൽ സ്വകാര്യ മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുക എന്നത് ഈ നയത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിലവിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പോളിസി ഡോക്കുമെന്റിന്റെ പകർപ്പ് മരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ബി.ഒ.ടി. പദ്ധതികൾ സ്വകാര്യ മേഖലയിലുള്ളവരാണ് സാധാരണ എടുക്കാറുള്ളത്. ബഡ്ജറ്റ്-കേന്ദ്ര വിഹിതം തുടങ്ങിയ മേഖലകൾക്ക് സ്വകാര്യ പങ്കാളിത്തം സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രധാനപ്പെട്ട ചില റോഡുകൾ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചാണ് കെ.എസ്.റ്റി.പി.-യിൻകീഴിൽ പണികൾ അറേഞ്ചു ചെയ്തുവരുന്നത്. തലസ്ഥാന നഗര വികസന പദ്ധതിയിൽപ്പെടുത്തി തലസ്ഥാനത്തെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനും റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുമുള്ള പണികൾ പുരോഗമിച്ചുവരികയാണ്. ഇതുപോലെ കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലും വികസന പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാലം ഈടുനിൽക്കുന്ന ബി.എം. & എ.സി. അനുസരിച്ചുള്ള ടാറിംഗ് രീതി വ്യാപകമായി നടപ്പിലാക്കി വരുന്നു.

ദേശീയപാത 17 നാലുവരിയാക്കാൻ നടപടി

101 [1223] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ബൈപാസ്സ് ഉൾപ്പെടെയുള്ള ദേശീയപാത 17-ന്റെ ഏതെങ്കിലും ഭാഗങ്ങൾ നാലുവരിപ്പാതയാക്കി നിർമ്മിക്കുന്നതിന് എൻ.എച്ച്.എ.ഐ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പാത വിപുലീകരണത്തിനുവേണ്ടി എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് എന്ന് കൈമാറുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ദേശീയപാത 17-ന്റെ ഇടപ്പള്ളി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കാനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ വിൽബർ സ്മിത്ത് അസോസിയേറ്റ്സിനെ എൻ.എച്ച്.എ.ഐ. ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) എൻ.എച്ച്.എ.ഐ. ആവശ്യപ്പെടുന്ന മുറയ്ക്ക് പാത കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പുതിയ റെയിൽവേ ഓവർ ബ്രിഡ്ജ്

102 [1224] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ആർ.ഒ.ബി.-കൾ നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മുളംകുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്ക് ആർ.ഒ.ബി. പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) തൃശ്ശൂർ റെയിൽവേ സ്റ്റേഷന് തെക്ക് ഭാഗത്ത് തൃശ്ശൂരിനും ഒല്ലൂർ സ്റ്റേഷനുമിടയിൽ കൂർക്കഞ്ചേരി ഭാഗത്ത് നെടുപുഴ, വടൂക്കര ഗേറ്റുകൾ ബന്ധപ്പെട്ട് റെയിൽവേ ഓവർ ബ്രിഡ്ജ് പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ.ബി.ഡി.സി.കെ. 13 പുതിയ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 1. കാഞ്ഞങ്ങാട് ടൗൺ
2. കൊയിലാണ്ടി
3. പയ്യന്നൂർ
4. ദേവദാർ
5. കുഞ്ഞിപ്പള്ളി
6. കൈനാട്ടി റോഡ്
7. മുളംകുന്നത്തുകാവ്
8. പരപ്പനങ്ങാടി
9. ആളൂർ-മാള റോഡ്
10. തിരുന്നാവായ
11. ഡിവൈൻ നഗർ
12. പുളിയനം റോഡ്
13. വെള്ളാഞ്ചിറ

(സി) ഉണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly